2017 ഒക്ടോബർ 23,24 തീയതികളിൽ നടന്ന ജെൻഡർ സെൻസിറ്റൈസേഷൻ ക്യാമ്പെയിനിൽ പങ്കെടുക്കുവാൻ എറണാകുളത്തു നിന്നും പലവിധ ആശങ്കകളോടെയാണ് എത്തിച്ചേർന്നത്. കുടുംബശ്രീയിലെ ഒരു തുടക്കക്കാരൻ എന്ന നിലയിൽ ഈ ക്യാമ്പ് എനിക്ക് വേറൊരു അനുഭവമാണ് സമ്മാനിച്ചതെന്ന് പറയാതെ വയ്യ. 'ജെൻഡർ' എന്നുള്ള പദത്തിന് 'സ്ത്രീ' എന്നും, ജെൻഡർ സെൻസിറ്റൈസേഷൻ എന്നത് സ്ത്രീ ശാക്തികരണം മാത്രമാണ് എന്നുമുള്ള എന്റെ മിഥ്യാ ധാരണയെ തിരുത്തിക്കുറിക്കുന്നതായിരുന്നു ഈ ക്യാമ്പ്. ഇതിന്റെ ഭാഗമായി നടന്ന ക്ലാസ്സ്റൂം സെഷനുകളും ആക്ടിവിറ്റികളും ഏറെ വിജ്ഞാനപ്രദവും സരസവുമായിരുന്നു. ട്രെയിനേഴ്സ് ആയ ശ്രീ റോഷനും, ശ്രീമതി മേഴ്സി കാപ്പനും ബാങ്കിംഗ് സ്റ്റൈൽ ഓഫ് എജ്യൂക്കേഷനിൽ നിന്നും വിഭിന്നമായി ഒരു ഇന്ററാക്ടീവ് ട്രെയിനിംഗ് സെഷനായിരുന്നു നേതൃത്വം കൊടുത്ത്. അതിനാൽ തന്നെ എല്ലാവർക്കും സ്വന്തമായി അഭിപ്രായങ്ങൾ പറയുവാനും അതിൽ ഒരു ഗ്രൂപ്പ് ഡിബേറ്റ് നടത്തുവാനും സാധിച്ചു. സ്ത്രീകളുടെ ആരാധനാ സ്വാതന്ത്ര്യത്തെ കുറിച്ച് ഒരു ചൂടേറിയ ചർച്ച തന്നെ നടക്കുകയുണ്ടായി. ആദ്യ ദിവസത്തിന്റെ അവസാനം മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ മാനുവൽ സ്കാവഞ്ചേഴ്സിന്റെ കഥ ലോകത്തോട് വിളിച്ചു പറഞ്ഞ 'മാൻഹോൾ' എന്ന ചിത്രത്തിന്റെ സംവിധായിക ശ്രീമതി വിധു വിൻസെന്റ് കുടുംബശ്രീ കുടുംബത്തിന്റെ ആതിഥ്യം സ്വീകരിച്ച് ട്രെയിനിംഗ് സെന്ററിൽ എത്തിയിരുന്നു. അവാർഡ് ജേത്രിയായ സംവിധായികക്കൊപ്പമിരുന്ന് അതേ സിനിമ കാണുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത അനുഭവമായിരുന്നു.

രണ്ടാംദിനം കൂടുതൽ ഇന്ററാക്ഷൻ സെഷൻസ് ലഭ്യമാക്കാനായിരുന്നു ട്രെയിനേഴ്സിന്റെ ശ്രമം. അതിനാൽ തന്നെ സ്ത്രീകൾ അകത്തും പുറത്തും നേരിടുന്ന പ്രദർശനങ്ങൾ ഒരു റോൾ പ്ലേ ആയി അവതരിപ്പിക്കാൻ ഓരോ ഗ്രൂപ്പും ശ്രമിച്ചു. ഡൊമസ്റ്റിക് വയലേഷൻ, പൊതു സ്ഥലത്തെ അശ്ലീല പ്രവർത്തനങ്ങൾ, ബലാൽസംഗ ശ്രമങ്ങൾ ഇവയെല്ലാം റോൾ പ്ലേയിൽ വിഷയങ്ങളായി. 'ഒരു പെൺകുട്ടിയുടെയും ജീവിതം വാട്ട്സ് അപ്പിലേയോ, ഫേയ്സ് ബുക്കിലേയോ 5 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ ഒടുങ്ങാനുള്ളതല്ല' എന്നതായിരുന്നു ഞാൻ ഉൾപ്പെട്ട മൂന്നാം ഗ്രൂപ്പിന്റെ റോൾ പ്ലേ സന്ദേശം.

ഈ ട്രെയിനിംഗ് സെഷന്റെ അവസാനം ട്രെയിനേഴ്സും ഞങ്ങളും ഒരുമിച്ചിരുന്ന് അവരവരുടെ ക്യാമ്പിനെപ്പറ്റിയുള്ള വിലയിരുത്തലുകൾ പങ്കു വെയ്ക്കുയും അടുത്ത

ദിവസം തന്നെ നടക്കുന്ന മറ്റു ജില്ലകൾക്കുള്ള ട്രെയിനിംഗ് എങ്ങിനെ കൂടുതൽ വിജ്ഞാനപ്രദമാക്കാം എന്നതിനെ കുറിച്ച് അഭിപ്രായങ്ങൾ ആരായുകയും ചെയ്തു.

അജേഷ്.എൻ
ജില്ലാ പ്രോഗ്രാം മാനേജർ
ഡി ഡി യു ജി കെ വൈ
കുടുംബശ്രീ, എറണാകുളം